Draft #6 of File 10834/EB 10/2/2019/EB 10 Approved by Controller of Examinations (i/c) on 18-Apr-2019 12:28 PM - Page 1

നം.10834/EB 10/2/EB 10/EB 10 തീയതി: 18.04.2019

# വിജ്ഞാപനം

സൂചന:വിജ്ഞാപനം നം. 10834/ EB 10/2/2019/EB 10, തീയതി: 11.04.2019.

2019 അക്കാദമിക് വർഷത്തിൽ വിവിധ വിഷയങ്ങളിലെ പി.എച്ച്.ഡി പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. യോഗ്യത

ഏതെങ്കിലും വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നോ, സർവകലാശാല അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവകലാശാലകളിൽ നിന്നോ, ആകെ മാർക്കിന്റെ 55% മാർക്കിൽ കുറയാത്ത മാർക്കോടെ അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡോടെ (ഗ്രേസ് മാർക്ക് കൂട്ടാതെ) ബിരുദാനന്തര ബിരുദമോ തത്തുല്യമായ പ്രൊഫഷണൽ ഡിഗ്രിയോ നേടിയവർക്ക് അപേക്ഷിക്കാം. കൂടാതെ വ്യവസ്ഥാപിത രീതിയിൽ അക്രെഡിറ്റഡ് ആയിട്ടുള്ള വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ച രീതിയിൽ ബിരുദാനന്തര ബിരുദമോ തത്തുല്യമായ പ്രൊഫഷണൽ ബിരുദമോ നേടിയവർക്ക് അപേക്ഷിക്കാം.

എസ്.സി/എസ്.ടി / ഒബിസി (നോൺക്രീമിലെയർ), ഭിന്നശേഷിക്കാർ, തുടങ്ങിയവർക്ക് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ആകെ മാർക്കിന്റെ 45 ശതമാനം മാർക്ക് അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡ് (ഗ്രേസ് മാർക്ക് കൂട്ടാതെ) നേടിയിട്ടുണ്ടെങ്കിൽ അപേക്ഷിക്കാൻ അർഹതയുണ്ട്. 19 സെപ്റ്റംബർ 1991 ന് മുൻപ് ബിരുദാനന്തര ബിരുദം നേടിയവർക്ക് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ആകെ മാർക്കിന്റെ 50 ശതമാനം മാർക്ക് അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡ് (ഗ്രേസ് മാർക്ക് കൂട്ടാതെ) നേടിയിട്ടുണ്ടെങ്കിൽ അപേക്ഷിക്കാൻ അർഹതയുണ്ട്. ഈ വിഭാഗത്തിലുള്ളവർ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യുകയും അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം പകർപ്പുകൾ സമർപ്പിക്കുകയും വേണം.

ബിരുദാനന്തര ബിരുദപരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാനർഹതയുണ്ട്. എന്നാൽ അവർ 31.07.2019 നോ അതിനുമുൻപോ പ്രസ്തുത യോഗ്യത നേടേണ്ടതാണ്.

സർവ്വകലാശാല സ്കൂൾ/ ഡിപ്പർട്ട്മെന്റ്/ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ/അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പിഎച്ച്ഡി പ്രവേശനത്തിന് എല്ലാ അപേക്ഷകരും(താഴെക്കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾ ഒഴികെയുള്ളവർ) പി.എച്ച്.ഡി പ്രവേശന പരീക്ഷ എഴുതേണ്ടതാണ്.

**പ്രവേശന പരീക്ഷയി*ൽ* നിന്നും ഒഴിവാക്കിയ വിഭാഗത്തി*ൽ*പ്പെടുന്നവ*ർ* ഇപ്പോ*ൾ* അപേക്ഷിക്കേണ്ടതില്ല. അവ*ർ* പിഎച്ച്ഡി രജിസ്ട്രേഷന് ജൂലൈ 2019-*ൽ* അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷിച്ചാ*ൽ* മതിയാകും.**

**പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവർ**

താഴെപറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെ പ്രവേശന പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

1. ജെ ആർ എഫ് നേടിയിട്ടുള്ളവർ
2. യു ജി സി ടീച്ചർ ഫെല്ലോസ്
3. എം.ഫിൽ/ എം.ടെക് (എല്ലാ വിഷയങ്ങളും), എം.ഡി, എം.എസ് & എംഡിഎസ് (മോഡേൺ മെഡിസിൻ,

Draft #6 of File 10834/EB 10/2/2019/EB 10 Approved by Controller of Examinations (i/c) on 18-Apr-2019 12:28 PM - Page 2

ഹോമിയാപ്പതി & ആയുർവേദ) ബിരുദം നേടിയിട്ടുള്ളവർ.
4. കേരളത്തിലെ ഗവ./എയിഡഡ് കോളേജിലെയും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെയും റെഗുലർ/സ്ഥിരം അധ്യാപകർ.
5. NET/ SLET / GATE / GPAT, JEST, RGNF പാസായിട്ടുള്ളവർ അല്ലെങ്കിൽ UGC, CSIR, ICAR / ICMR തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പരീക്ഷ പാസായിട്ടുള്ളവർ.
6. DST വുമൺ സയന്റിസ്റ്റ് അവാർഡ് നേടിയിട്ടുള്ളവർ.
7. KSCT / INSPIRE / MANF ഫെല്ലോഷിപ്പ് നേടിയവർ.
8. അക്രഡിറ്റഡ് R&D സ്ഥാപനങ്ങളിലെ സയന്റിസ്റ്റുകൾ.

**<u>അപേക്ഷാഫീസ്</u>**.

അപേക്ഷാ ഫീസായി ₹ 1000/-(ആയിരം രൂപ മാത്രം) അടയ്ക്കേണ്ടതാണ്. എസ് സി/എസ്.റ്റി വിഭാഗക്കാർക്ക് ₹ 500/-(അഞ്ഞൂറ് രൂപ മാത്രം) അടച്ചാൽ മതിയാകും. അപേക്ഷാഫീസ് ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

**<u>എങ്ങനെ അപേക്ഷിക്കാം</u>**

www.phd.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റ് മുഖേന ഓൺലൈനായി പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷനു വേണ്ടിയുള്ള സർവ്വകലാശാലാ പോർട്ടൽ 12.04.2019 മുതൽ സജീവമായിരിക്കും. ഓൺലൈൻ രജിസ്ട്രേഷനു ശേഷം അപേക്ഷയുടെ ഒരു പ്രിന്റൗട്ട് , അപ് ലോഡ് ചെയ്തിരിക്കുന്ന യോഗ്യതാപത്രങ്ങളുടെ ഫോട്ടോകോപ്പികളും ചേർത്ത് അസിസ്റ്റന്റ് രജിസ്ട്രാർ 21(പരീക്ഷ), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, പോസ്റ്റ് 686 560 എന്ന വിലാസത്തിൽ 02.05.2019, 3.00 മണിക്ക് മുൻപായി സമർപ്പിച്ചിരിക്കണം.

**<u>അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം സമർപ്പിക്കേണ്ട സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ</u>**

1. ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റ്.
2. കൺസോളിഡേറ്റഡ് പി.ജി. മാർക്ക് ലിസ്റ്റ്.
3. തഹസിൽദാരിൽ നിന്നുമുള്ള ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ് സി/എസ് റ്റി അപേക്ഷകർക്ക് മാത്രം)
4. വില്ലേജ് ഓഫീസറിൽ നിന്നുമുള്ള നോൺ - ക്രീമി ലേയർ സർട്ടിഫിക്കറ്റിന്റെ അസ്സൽ (OBC വിഭാഗക്കാർക്ക് മാത്രം).
5. ഗവണ്മെന്റ് മെഡിക്കൽ ബോർഡിൽ നിന്നുള്ള Disability Certificate (ഭിന്ന ശേഷിക്കാർക്ക് മാത്രം)
6. അവസാന വർഷ / സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷ എഴുതിയത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പലിൽനിന്നുള്ള സർട്ടിഫിക്കറ്റ് (പരീക്ഷ ഫലം കാത്തിരിക്കുന്നവർ മാത്രം)
7. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് പുറമേ നിന്നും യോഗ്യത നേടിയിട്ടുള്ളവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എലിജിബിലിറ്റി (Eligibility) / ഇക്വലൻസി (Equivalency)സർട്ടിഫിക്കറ്റ്.

NB : അപൂർണമായ അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**<u>ഓൺലൈൻ രജിസ്ട്രേഷനും, പി.എച്ച്.ഡി പ്രവേശന പരീക്ഷ ,2019 നടത്തിപ്പിനും ഉള്ള സമയക്രമം</u>**

| | |
|---|---|
| ഓൺലൈൻ രജിസ്ട്രേഷനുള്ള പോർട്ടൽ തുറക്കുന്നത് | 12.04.2019, വെള്ളി, 10.00 am |
| | |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | |
|---|---|
| പോർട്ടൽ അടയ്ക്കുന്നത്<br>(രജിസ്ട്രേഷനുള്ള അവസാന തീയതി) | 30.04.2019 , ചൊവ്വ,<br>5.00 pm |
| അപേക്ഷയുടെ പ്രിന്റൗട്ട്, മറ്റ് രേഖകളുടെ പകർപ്പുകൾ സഹിതം സർവ്വകലാശാല ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി | 02.05.2019, വ്യാഴം,<br>3.00 pm. |
| ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യെടുക്കാവുന്ന കാലാവധി | 15.5.2019 - 17.05.2019 |
| പ്രവേശന പരീക്ഷാ തീയതിയും സമയവും | 18.05.2019, ശനി,<br>10.00 am to 1.00 pm |
| പ്രവേശന പരീക്ഷാ കേന്ദ്രം | **CMS കോളേജ്, കോട്ടയം** |

NB: പ്രവേശന പരീക്ഷയിൽ വിജയം നേടിയതുകൊണ്ട് മാത്രം പിഎച്ച്ഡി പ്രോഗ്രാമിന് അഡ്മിഷൻ ലഭിക്കണമെന്നില്ല. അത് പ്രവേശന പരീക്ഷയുടെ ഫലം, അസൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന , ഡോക്ടറൽ ഇന്റർവ്യൂവിൽ മറ്റ് യോഗ്യതാ മാനദണ്ഡങ്ങളുടെ തൃപ്തികരമായ പൂർത്തീകരണം എന്നിവയ്ക്ക് വിധേയമായിരിക്കും.

വിശദ വിവരങ്ങൾക്ക് www.phd.mgu.ac.in സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 0481 - 2732947

ഇമെയിൽ : wat.eb10@mgu.ac.in

സൂചന പ്രകാരമുള്ള വിജ്ഞാപനത്തിൽ ഇതിൻ പ്രകാരം മാറ്റം വരുത്തിയിരിക്കുന്നു.

**ഡോ.പ്രകാശ് കുമാർ .ബി**

പരീക്ഷ കൺട്രോളർ (i/c)

പകർപ്പ്:

1. പി ആർ ഒ (പത്രക്കുറിപ്പ് നൽകുന്നതിനായി)
2. വി സി/പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/സി ഇ/എഫ് ഒ/ഡിസി ഡിസി എന്നിവരുടെ പി എ മാർ
4. യു ആർ സി ഡയറക്ടർ
5. എസി എ2,എസി എ10, എസി എ11 സെക്ഷൻ
6. കണ്ടെന്റ് മനേജ്മെന്റ് സെക്ഷൻ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

Draft #6 of File 10834/EB 10/2/2019/EB 10 Approved by Controller of Examinations (i/c) on 18-Apr-2019 12:28 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# LIST OF SUBJECTS FOR THE ENTRANCE TEST FOR PH.D PROGRAMME , 2019

| SL.NO. | SUBJECT | NO. OF VACANCIES | REMARKS |
|---|---|---|---|
| 1 | BIOSCIENCES (Biochemistry,Biophysics, Biotechnology,Microbiology,Physiology) | 29 | |
| 2 | BOTANY | 29 | |
| 3 | CHEMISTRY | 109 | |
| 4 | COMMERCE | 27 | |
| 5 | COMPUTER SCIENCE | 1 | |
| 6 | ECONOMICS | 14 | |
| 7 | EDUCATION | 2 | |
| 8 | ENGLISH | 23 | |
| 9 | ENVIRONMENTAL SCIENCE | 3 | |
| 10 | HINDI | 34 | |
| 11 | HISTORY | 13 | |
| 12 | HOME SCIENCE | 16 | |
| 13 | LAW | 9 | |
| 14 | MALAYALAM | 11 | |
| 15 | MANAGEMENT STUDIES | 5 | |
| 16 | MATHEMATICS | 24 | |
| 17 | PHILOSOPHY | 10 | |
| 18 | PHYSICS | 50 | |
| 19 | POLITICAL SCIENCE | 13 | |
| 20 | PSYCHOLOGY | 3 | |
| 21 | SANSKRIT | 4 | |
| 22 | STATISTICS | 30 | |
| 23 | TOURISM STUDIES | 4 | |
| 24 | ZOOLOGY | 31 | |

Draft #6 of File 10834/EB 10/2/2019/EB 10 Approved by Controller of Examinations (i/c) on 18-Apr-2019 12:28 PM - Page 4

Draft #6 of File 10834/EB 10/2/2019/EB 10 Approved by Controller of Examinations (i/c) on 18-Apr-2019 12:28 PM - Page 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം